## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ, 131 11-06-2012 -ൽ മറുപടിക്ക്.

### പാലക്കാട് മുതലമടയിലെ സ്വകാര്യ ഡിസ്റ്റിലറി

| ചോദ്യം: | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ് : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിൽ സ്വകാര്യ മേഖലയിൽ ഡിസ്റ്റിലറി അനുവദിച്ചത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) കോഴിക്കോട് സ്ഥിതിചെയ്യുന്ന യുണൈറ്റഡ് ഡിസ്റ്റിലറി എന്ന സ്ഥാപനത്തിന്, സ്ഥല പരിമിതി മൂലം, മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിബന്ധനകൾ പാലിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, 2011 ഡിസംബർ മാസത്തിനകം കമ്പനി മാറ്റി സ്ഥാപിച്ചു കൊള്ളണമെന്നുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശമുണ്ടായി. ഈ വിവരങ്ങൾ കാണിച്ച്, പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ മുതലമട വില്ലേജിലേക്ക് കമ്പനി മാറ്റി സ്ഥാപിക്കാനുള്ള അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, 09-02-2011-ൽ കമ്പനി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിലാണ്, ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലത്തു നിന്നും പ്രസ്തുത ഡിസ്റ്റിലറി പാലക്കാട് ജില്ലയിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയത്. |
| (ബി) ഇത്തരത്തിലുള്ള നടപടി സ്വീകരിക്കുവാനുണ്ടായ കാരണം വ്യക്തമാക്കുമോ; | (ബി) സ്ഥല പരിമിതി മൂലം മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിബന്ധനകൾ പാലിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, 2011 ഡിസംബർ മാസത്തിനകം കമ്പനി മാറ്റി സ്ഥാപിച്ചു കൊള്ളണമെന്നുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശം മൂലമുണ്ടായ സാഹചര്യം തരണം ചെയ്യുന്നതിലേക്കായി ഡിസ്റ്റിലറി മാറ്റി സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി കമ്പനി അപേക്ഷ നൽകുകയും, അതോടൊപ്പം ബഹു. ഹൈക്കോടതിയിൽ W.P.(C)13098/11 നമ്പരായി കേസ് ഫയൽ ചെയ്യുകയും, പ്രസ്തുത കേസിൽ, 26-03- 2012 - ന് മുൻപ് കമ്പനിയുടെ അപേക്ഷയിൽ അന്തിമ തീരുമാനമെടുക്കാൻ കോടതി നിർദ്ദേശിച്ചതനുസരിച്ചും, കമ്പനി അടച്ചു പൂട്ടുന്നതുമൂലം 400-ഓളം വരുന്ന തൊഴിലാളികളുടെയും, അവരെ ആശ്രയിച്ചു കഴിയുന്ന കുടുംബങ്ങളുടെയും ഉപജീവന മാർഗ്ഗം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനുമായിട്ടാണ് ഡിസ്റ്റിലറി മാറ്റി സ്ഥാപിക്കാൻ അനുമതി നൽകിയത്. |

| | | | |
|---|---|---|---|
| (സി) | ഇന്ത്യയിൽ തന്നെ ഏറ്റവും കൂടുതൽ മദ്യം ഉപയോഗിക്കുന്ന സംസ്ഥാനമായി കേരളം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മദ്യ ഉപയോഗം പ്രോൽസാഹിപ്പിക്കുന്ന തരത്തിൽ ഡിസ്റ്റിലറിക്ക് അനുമതി കൊടുത്ത നടപടി പിൻവലിക്കുമോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | പുതിയ ഡിസ്റ്റിലറി തുടങ്ങുന്നതിനുള്ള അനുമതിയല്ല മറിച്ച്, പുതിയ ഡിസ്റ്റിലറി തുടങ്ങുന്നതിനുള്ള എല്ലാ വ്യവസ്ഥകളും പാലിച്ച്, നിലവിലുള്ള ഡിസ്റ്റിലറി, ഉല്പാദന വർദ്ധനവ് വരുത്താതെ, മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുവാൻ മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്. |
| (ഡി) | ഡിസ്റ്റിലറിക്ക് അനുമതി നൽകുന്നതിനായി സ്വീകരിച്ച നടപടി ക്രമങ്ങളും കലണ്ടർ ഓഫ് ആക്ഷനും വ്യക്തമാക്കുമോ? | (ഡി) | ഡിസ്റ്റിലറി മാറ്റി സ്ഥാപിക്കുന്നതിനുള്ള അനുമതിയ്ക്കായുള്ള 09-02-2011-ലെ അപേക്ഷ, എക്സൈസ് കമ്മീഷണർ 25-02-2011-ൽ സർക്കാരിൽ സമർപ്പിക്കുകയും, **W.P.(C)13098/11** നമ്പർ കേസിൽ, 26-03- 2012-ന് മുൻപ് കമ്പനിയുടെ അപേക്ഷയിൻമേൽ അന്തിമ തീരുമാനമെടുക്കാൻ കോടതി നിർദ്ദേശിച്ചതനുസരിച്ചുമാണ്, 29-03-2012-ലെ G.O.(Ms) 52/12/TD ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |

സെക്ഷൻ ആഫീസർ